"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ മിന്നൽ പരിശോധന- കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ഇ.കെ.സനിലനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.156/2026/LSGD തീയതി,തിരുവനന്തപുരം, 18-01-2026

---

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 02.02.2015-ലെ CTP (Vig) 866/14 നമ്പർ റിപ്പോർട്ട്
2. നഗരകാര്യ വകുപ്പ് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 07.10.2015-ലെ E-1676/2015 നമ്പർ കത്ത്
3. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.09.2017-ലെ ഇ-20/3655/ 2016/സി.ഇ./ത.സ്വ.ഭ.വ. നമ്പർ നടപടിക്രമം
4. 07.12.2022-ലെ LSGD-EW2/338/2015-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ഇ.കെ. സനിലൻ 02.02.2023 തീയതിയായി സമർപ്പിച്ച മറുപടി
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.05.2025-ലെ LSGD/PD/15271/2023-VIGE3 നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പരാമർശിച്ചിട്ടുള്ള ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. സർക്കാർ ഉത്തരവിലും പ്രാരംഭ കെട്ടിടഅനുമതിയിലും കെട്ടിടത്തിന്റെ occupancy ആശുപത്രി കെട്ടിടം എന്നാണ് നൽകിയിരിക്കുന്നത്; എന്നാൽ ആദ്യം പുതുക്കിയ പെർമിറ്റിൽ Hospital cum Shopping Complex എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
2. മൂന്ന്തവണ പുതുക്കിയതിന് ശേഷം പെർമിറ്റിന്റെ സാധുത 25.04.2006 വരെയായിരുന്നു. ഗ്രൗണ്ട്, ഒന്നാംനില എന്നിവ മാത്രമേ പൂർത്തിയാക്കി കൈവശപ്പെടുത്തിയിട്ടുള്ളൂ.
3. കെട്ടിടം അഞ്ചാംനില വരെ ക്രമീകരിച്ചിരിക്കുന്നതായി കാണപ്പെടുന്നു; കൂടാതെ

ക്രമീകരിച്ച കെട്ടിടം 1999-ലെ KMBR-ലെ മിക്കവാറും എല്ലാ വ്യവസ്ഥകളും ലംഘിക്കുന്നു.

4. അംഗീകൃതവും പൂർത്തിയാക്കിയതുമായ സൈറ്റ് പ്ലാനുകളിൽ ഉദ്ധരിച്ചിരിക്കുന്ന സൈഡ് യാർഡുകൾ 4.00 മീറ്റർ ആണ്, പക്ഷേ സൈറ്റിൽ 1.50 മീറ്റർ മാത്രമേയുള്ളൂ.
5. G.O. (Rt) 1002/97/CAD തീയതി 17.03.1997-ലെ 1, 2 വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.
6. നിലവിലുള്ള മൂന്ന്നില കെട്ടിടങ്ങളുടെ വിസ്തീർണ്ണ വിവരങ്ങൾ അംഗീകൃതപ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടില്ല; ഈ മൂന്ന് കെട്ടിടങ്ങളിൽ ഒന്ന് ആശുപത്രി കെട്ടിടവും മറ്റുള്ളവ വാണിജ്യ കെട്ടിടങ്ങളുമാണ്.
7. കെട്ടിടത്തിലെ ആറാംനില അനധികൃതനിർമ്മാണമാണ്; ട്രസ്സും ഇരുമ്പ്ഷീറ്റുകളും ഉപയോഗിച്ചാണ് ഇതുനിർമ്മിച്ചിരിക്കുന്നത്. കൂടാതെ നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ മൂന്നാംനിലകൂടി അതേ രീതിയിൽ നിർമ്മിച്ചിരിക്കുന്നു.
8. കെട്ടിടത്തിന്റെ പടിഞ്ഞാറുവശത്തെ മുറ്റം 6.40 മീ x 3.80 മീ അളവിലുള്ള ട്രസ്സും ഇരുമ്പ് ഷീറ്റുകളും കൊണ്ട് മൂടിയിരിക്കുന്നു.
9. താഴത്തെ നിലയിൽ കാണിച്ചിരിക്കുന്ന പാർക്കിംഗ് സ്ഥലം കെട്ടിടത്തിലെ കടകളായി മാറ്റിയിരിക്കുന്നു.

2. മേൽക്രമക്കേടുകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഗിരീഷ് എ., ഓവർസീയർ ശ്രീ. ബിജു പി., മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ഇ.കെ.സനിലൻ എന്നിവർ ഉത്തരവാദികളാണെന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ പരാമർശം (2) മുഖേന റിപ്പോർട്ട് ചെയ്യുകയുണ്ടായി. അസിസ്റ്റൻറ് എൻജിനീയർ ശ്രീ. ഗിരീഷ് എ., ഓവർസിയർ ശ്രീ. ബിജു പി., എന്നിവർക്കെതിരെ ചീഫ് എൻജിനീയർ അച്ചടക്കനടപടി സ്വീകരിച്ച് ടിയാളുകളുടെ വാർഷിക വേതനവർദ്ധനവ് ആറ് മാസത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് പരാമർശം (3) പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

3. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഇ.കെ സനിലൻ, 31.3.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാൾക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59 (b) പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് ടിയാളുടെ പ്രതിമാസപെൻഷനിൽ നിന്ന് സ്ഥിരമായി 100/- രൂപ കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനം കൈയ്യൊള്ളുകയും അപ്രകാരം ടിയാൾക്ക് പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് നല്കുകയുമുണ്ടായി.

4. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ഇ.കെ. സനിലൻ പരാമർശം (5) പ്രകാരം സമർപ്പിച്ച മറുപടിയിൽ, കാരണം കാണിക്കൽ നോട്ടീസിൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് താൻ കാരണക്കാരനല്ല എന്നും 2014-15 കാലയളവിൽ തലശ്ശേരി നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയറുടെ അധികചുമതലയിൽ ജോലിചെയ്തിരുന്നുവെന്നും ഈ വിഷയത്തിൽ കൂടുതൽ വിശദീകരണങ്ങൾ സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഫയലിലെ വിശദാംശങ്ങൾ തന്റെ പക്കൽ ഇല്ല എന്നും പെൻഷൻതുകയിൽ നിന്നും കുറവ് ചെയ്യുന്ന നടപടിയിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും ഔദ്യോഗിക കൃത്യനിർവ്വഹണവേളയിൽ അപാകതകൾ വന്നു പോയിട്ടുണ്ടെങ്കിൽ അത് മാപ്പാക്കി കുറ്റവിമുക്തനാക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, റിട്ട. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഇ.കെ. സനിലനെതിരായി കാണിച്ചിട്ടുള്ള കുറ്റങ്ങൾ നിലനിൽക്കുന്നതല്ലെന്ന് തെളിവ്സഹിതം സ്ഥാപിക്കുന്നതിനോ കുറ്റാരോപണം സംബന്ധിച്ച് വിശദമായ പ്രതിവാദം സമർപ്പിക്കുന്നതിനോ ടിയാൾക്ക് കഴിഞ്ഞിട്ടില്ലെന്നും താത്കാലികശിക്ഷ നിശ്ചയിച്ചത് പുനഃപരിഗണിക്കുന്നതിന് ആവശ്യമായ വിശദീകരണം സമർപ്പിക്കാൻ ശ്രീ. ഇ.കെ സനിലന് കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താവുന്നതാണെന്നും എന്നാൽ പൂർണ്ണതോതിലുള്ള പെൻഷൻ ഇതേവരെ അനുവദിച്ചില്ലെന്ന് മറുപടിയിൽ ബോധിപ്പിച്ചിട്ടുള്ളത് കൂടി പരിഗണിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു.

6. തുടർന്ന്, നടപടിക്രമങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർസെക്രട്ടറി കുറ്റാരോപിതനെ 29.08.2025-ൽ നേരിൽ കേൾക്കുകയുണ്ടായി. ടി കെട്ടിടത്തിന് 1984-ലെ ചട്ടം മാത്രമാണ് ബാധകമെന്നതിനാൽ 1999 Kerala Municipalilty Building Rules ലംഘനം എന്നത് അനുചിതമാണെന്നും കെട്ടിടത്തിന്റെ yard side 4 m ആയി രേഖപ്പെടുത്തിയത് വിരുദ്ധമാണ് എന്നും Permit അനുവദിക്കുമ്പോൾ നിഷ്കർഷിച്ചിരുന്ന രണ്ട് നിബന്ധനകളിൽ ഒന്ന് പാലിക്കപ്പെട്ടിട്ടുള്ളതാണ് എന്നും ആറാം നിലയിലെ അനധികൃത നിർമ്മാണം Occupancy നൽകിയതിന് ശേഷം നിർമ്മിച്ചവയാണ് എന്നും പടിഞ്ഞാറ് ഭാഗത്തെ നിർമ്മാണങ്ങളും അപ്രകാരമാണെന്നും കാലാവധിക്കുള്ളിൽ Completion സമർപ്പിക്കാത്തതും വശങ്ങളിലെ Set back ലംഘനം, പാർക്കിംഗ് ലംഘനം എന്നിവ Exemption Order പ്രകാരം Permit അംഗീകരിക്കുമ്പോൾ കൃത്യമായ പരിശോധനയുടെ അഭാവം കൊണ്ടാണെന്നും ഹിയറിംഗ് വേളയിൽ റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ഇ.കെ. സനിലൻ വാദം ഉന്നയിച്ചു. തനിക്ക് അധിക ചുമതലയായിരുന്നതിനാൽ ഭാരിച്ച ജോലിയ്ക്കിടയിൽ സംഭവിച്ച വീഴ്ചയാണിതെന്നും നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു. ഹിയറിങ് ഓഫീസറുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

- 08.10.2013-ൽ Occupancy ലഭിച്ച കെട്ടിടം 04.03.2015 മുതൽ 31.03.2015 വരെയുള്ള കാലയളവിൽ ചീഫ് ടൗൺ പ്ലാനർ പരിശോധിച്ചതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ഇ.കെ. സനിലൻ 20.03.2014 മുതൽ 31.03.2015 വരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പൂർണ അധിക ചുമതല നിർവ്വഹിച്ചിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾ Occupancy ലഭിച്ചതിന് ശേഷമാണ് നടത്തിയിട്ടുള്ളതെന്ന വാദം അംഗീകരിക്കാവുന്നതാണ്.
- എന്നാൽ 2006-ൽ Permit കാലാവധി കഴിഞ്ഞ കെട്ടിടത്തിന് 2013-ൽ Occupancy നൽകേണ്ടതായ സാഹചര്യം വന്നതും, ടി കെട്ടിടത്തിന്റെ Set back, പാർക്കിംഗ് ലംഘനം എന്നിവ exemption order-ന്റെ പരിധിയിൽപ്പെടുത്താവുന്നതല്ല. Occupancy അനുവദിക്കുന്നതിന് മുൻപായി 1999 Kerala Municipalilty Building Rules പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല എന്നത്, ശ്രീ. ഇ.കെ.സനിലന്റെ ഭാഗത്തെ വീഴ്ചതന്നെയാണ്. എന്നാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്തതാണ്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ഇ.കെ. സനിലന്റെ വാദങ്ങൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്, ഹിയറിങ് ഓഫീസറുടെ കണ്ടെത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിലും സമാന കുറ്റാരോപിതരായ അസിസ്റ്റൻറ് എൻജിനീയർ ശ്രീ. ഗിരീഷ് എ., ഓവർസിയർ ശ്രീ. ബിജു പി., എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി ചീഫ് എൻജിനീയർ ലഘുശിക്ഷ നൽകി തീർപ്പാക്കിയത് കണക്കിലെടുത്തും, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഇ.കെ. സനിലനെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59 (b) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ടിയാളുടെ പ്രതിമാസപെൻഷനിൽ നിന്ന് 100/- രൂപ അഞ്ചുവർഷത്തേയ്ക്ക് പ്രതിമാസം തടയുക എന്ന ശിക്ഷ നല്കി നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1. ശ്രീ. ഇ.കെ. സനിലൻ,റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആര്യ (H), MRC റോഡ്, ചൊവ്വ, കണ്ണൂർ - 670006 **(ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
5. സ്റ്റോക്ക് ഫയൽ (EWA2/53/2025-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 18-01-2026 22:42:37**

സെക്ഷൻ ഓഫീസർ